പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2338

05.02.2018 - ൽ മറുപടിക്ക്.

## പട്ടാമ്പി മണ്ഡലത്തിലെ വികസന പദ്ധതികൾ

**ചോദ്യം**
**ശ്രീ. മുഹമ്മദ് മുഹസിൻ പി.**

**മറുപടി**
**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ് കൈക്കൊണ്ടിട്ടുള്ള വികസന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ ഏതൊക്കെ പ്രവൃത്തികളാണ് പട്ടാമ്പി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഈ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ?

(എ) : & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-18 സാമ്പത്തിക വർഷമുൾപ്പെടെ പട്ടാമ്പി നിയോജക മണ്ഡലത്തിൽ വ്യവസായ വകുപ്പ്, 3 സംരംഭകത്വ വികസന ബോധവത്കരണ പരിപാടികളും ഒരു താലൂക്ക് തല നിക്ഷേപക സംഗമവും നടത്തിയിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ തുടങ്ങുവാനായി 7 സംരംഭകർക്ക് കൊപ്പം വ്യവസായ വികസന പ്ലോട്ടിൽ 155 സെന്റ് സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ട്. സർക്കാരിന്റെ സംരംഭക സഹായ പദ്ധതി പ്രകാരം 2 പേർക്ക് 4,83,185/- രൂപ സബ്സിഡി ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രധാനമന്ത്രി എംപ്ലോയ്മെന്റ് ഗ്യാരണ്ടി പ്രോഗ്രാം മുഖേന 7 സംരംഭകർക്ക് 39,60,000/- രൂപയുടെ സബ്സിഡി അധിഷ്ഠിത വായ്പ നൽകിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ 107 സംരംഭങ്ങൾ പുതുതായി ആരംഭിക്കുകയും 221.75 ലക്ഷം രൂപയുടെ നിക്ഷേപം വരുകയും 305 പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ.